Syro Malabar Commission for Liturgy



# നോമ്പ് അഞ്ചാം ബുധൻ - യോഹ8: 1-11

പാപിനിയായസ്ത്രീയെ വിധിക്കുകയെന്നതിലുപരി ഈശോയെ കെണിയിൽപ്പെടുത്തുകയെന്നതായിരുന്നു ഫരിസേയരുടെയും നിയമജ്ഞരുടെയും ലക്ഷ്യം. നിങ്ങളിൽ പാപമില്ലാത്തവൻ ഇവളെ ആദ്യം കല്ലെറിയട്ടെയെന്ന് ഈശോ പ്രസ്താവിക്കുന്നു. ഇത് അവരിൽ കുറ്റബോധവും പാപിനിയായസ്ത്രീയിൽ പാപബോധവും ജനിപ്പിച്ചു. കുറ്റബോധത്താൽ നിറഞ്ഞ ഫരിസേയപ്രമാണികൾ കല്ലുകൾ താഴെയിട്ട് പിന്തിരിഞ്ഞുപോയി. ഒടുവിൽ കരുണയും കരുണാർഹയും മാത്രം അവിടെ അവശേഷിച്ചതായി ഈ സുവിശേഷഭാഗത്തെ വ്യാഖാനിച്ചുകൊണ്ട് വി. ആഗസ്തീനോസ് പ്രസ്താവിക്കുന്നു. പാപത്തെ വെറുക്കുകയും പാപിയെ സ്നേഹിക്കുകയും ചെയ്യുന്ന ഈശോ അവൾക്ക് പാപമോചനവും രക്ഷയും നല്കുന്നു. മേലിൽ പാപം ചെയ്യരുതെന്ന നിർദ്ദേശവും നല്കി ഈശോ അവളെ പറഞ്ഞയയ്ക്കുന്നു.

**ആരാധനക്രമകമ്മീഷൻ**

**മൗണ്ട് സെന്റ് തോമസ്,കാക്കനാട്** **Read More:www.syromalabarliturgy.org**